143 (2233) മാനന്തവാടിയിൽ റവന്യൂ ടവർ

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ റവന്യൂ ടവർ നിർമ്മിക്കണം എന്ന ആവശ്യം നിലവിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) ഇവിടെ റവന്യൂ ടവർ നിർമ്മിക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)(ബി)&(സി) മാനന്തവാടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

144 (2237) ഒറ്റി വസ്തുവിന്റെ പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാൻ അർഹത

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-1970-ൽ 50 വർഷമോ അതിലധികമോ പഴക്കമുള്ള ഒറ്റി വസ്തുവിന്റെ പകുതി ഭൂമി ഒഴിപ്പിച്ചെടുക്കുവാൻ 1-1-1970-നും 30-6-1970-നും മദ്ധ്യേ അപേക്ഷ നൽകിയവർക്ക് അർഹതയുണ്ടോ;

(ബി) ഇപ്രകാരമുള്ള തിരുവനന്തപുരം ജില്ലയിൽനിന്നും ലഭിച്ച എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ട്;

(സി) ഈ അപേക്ഷകളിൽ ഏറ്റവും ഒടുവിൽ കേസ്സ് കേട്ടതെന്നാണ്;

(ഡി) ഈ അപേക്ഷകളിൽ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്താമോ;

(ഇ) ഇത്തരം അപേക്ഷകളിന്മേൽ ഉടനടി തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അപേക്ഷകർക്ക് ഒറ്റി വസ്തുവിന്റെ പകുതി ഒഴിപ്പിച്ചെടുക്കുവാൻ അർഹതയുണ്ട്.

(ബി) മൂന്ന് കേസ്സുകൾ നിലവിലുണ്ട്.

(സി) 1999 നവംബർ മാസത്തിൽ

(ഡി) നടപടി എടുത്തുവരുന്നു.

(ഇ) സമയബന്ധിതമായി തീർക്കാൻ നിർദ്ദേശം നൽകുന്നതാണ്.

145 (2240) കുത്തകപ്പാട്ട കൃഷിക്കാരുടെ നിവേദനം

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുത്തകപ്പാട്ട കൃഷിക്കാരുടെ നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) കുത്തകപ്പാട്ട ഭൂമിക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പാട്ട തുക എത്രയാണ്;

(ഇ) ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ എത്ര യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ഇടുക്കി ജില്ലയിലെ കുത്തകപ്പാട്ട കൃഷിക്കാരുടെ നിവേദനം സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(ഡി) കുത്തകപ്പാട്ട നിയമം ഇപ്പോൾ നിലവിലില്ല. 19.12.85-ലെ ജി.ഒ. (എം.എസ്) 1026/85/ ആർ ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പാട്ട ത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം കരഭൂമിക്ക് ഏക്കറിന് 150/- രൂപയും നിലം ഒറ്റ കൃഷി മാത്രമുള്ളതിന് ഏക്കറിന് 150/- രൂപയും നിലം രണ്ട് കൃഷിയുള്ളതിന് ഏക്കറിന് 225/- രൂപയുമാണ്.

(ഇ) പാട്ട നിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

146 (2245) ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഘടന വ്യക്തമാക്കുമോ;

(ബി) ഭാരതപ്പുഴയുടെ തീരത്തുനിന്ന് മണൽ വാരുന്നതിന് ലൈ സൻസ് നൽകുന്നതിനുള്ള സംവിധാനം ഉണ്ടോ;

(സി) മണൽ വില നിശ്ചയിക്കുന്നത് ആരാണ്; മണൽ വിലയിൽ ഭാര തപ്പുഴ സംരക്ഷിക്കുന്നതിന് എത്ര രൂപയാണ് നീക്കിവെയ്ക്കുന്നത്;

(ഡി) 31-12-1999-വരെ എത്ര രൂപ ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്;

(ഇ) ഈ ഫണ്ട് ഉപയോഗിച്ച് ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എഫ്)ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി ഈ തുകയിൽനിന്ന് എത്ര രൂപ ഏതെല്ലാം പണിക്കായി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും റവന്യൂ ഡിവിഷണൽ ഓഫീസർ കൺവീനറായും, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് എന്നീ വകുപ്പ് ഉദ്യോഗ സ്ഥന്മാരും, മുനിസിപ്പൽ സെക്രട്ടറിമാരും ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്.

(ബി) ഇല്ല. നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്താണ് മണൽ എടുക്കുന്നതിന് അനുവാദം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly